# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2660** | **27/01/2014-ൽ മറുപടിക്ക്**

## ഹോമിയോപ്പതി വകുപ്പിലെ തസ്തികകൾ

**ചോദ്യം**

**ശ്രീ. കെ.വി. വിജയദാസ്**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ, ഡി.എം.ഒ., ഫാർമസിസ്റ്റ് തുടങ്ങിയ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി ആയത് പ്രസിദ്ധീകരിക്കുമോ ; | (എ) | മെഡിക്കലാഫീസർ തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ട്. ഡി എം ഒ തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫാർമസിസ്റ്റ് തസ്തികയിലെ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഹോമിയോപ്പതി വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് ; വിശദവിവരം നൽകുമോ ; | (ബി) | ഹോമിയോപ്പതി വകുപ്പിലെ നിലവിലെ ഒഴിവ് വിവരം ചുവടെ ചേർക്കുന്നു.<br>1. ജില്ലാ മെഡിക്കലാഫീസർ - 05 ഒഴിവുകൾ<br>2. ആശുപത്രി സൂപ്രണ്ട് - 07<br>3. ചീഫ് മെഡിക്കലാഫീസർ - 26<br>4. മെഡിക്കലാഫീസർ - 10<br>5. ഫാർമസിസ്റ്റ് - 154<br>6. നേഴ്സ് - 34<br>7. അറ്റൻഡർ/ഡിസ്പെൻസർ/ നേഴ്സിംഗ് അസിസ്റ്റന്റ് - 60<br>8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 01<br>9. ക്ലാർക്ക് ടൈപ്പിസ്റ്റ് - 01 |
| (സി) | പ്രസ്തുത വകുപ്പിൽ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നതിനുള്ള നടപടിയുടെ വിശദാംശം നൽകുമോ ; | (സി) | ഹോമിയോപ്പതി വകുപ്പിൽ നിശ്ചിതമായ ഒരു സ്റ്റാഫ് പാറ്റേൺ നിലവിലില്ല. ഹോമിയോ ഡിസ്പെൻസറികളിൽ വ്യത്യസ്തമായ ആറ് സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. ആശുപത്രികളിലും നിശ്ചിതമായ ഒരു സ്റ്റാഫ് പാറ്റേൺ ഇല്ല. സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നത് സംബന്ധിച്ച് സമഗ്രമായ ശുപാർശ ഹോമിയോ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഹോമിയോപ്പതി ഫാർമസി കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ഡി) | 30/10/2010-ലെ ജി.ഒ.(ആർ.ടി.) നം.4284/2010/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ രണ്ട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ ഹോമിയോപ്പതി ഫാർമസി കോഴ്സ് നിർത്തലാക്കിയിട്ടുണ്ട്. |
| (ഇ) | ഹോമിയോപ്പതിയിൽ എം.ഡി. എടുത്ത ഡോക്ടർമാർക്ക് പി.ജി. അലവൻസ് പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ഇ) | എം ഡി എടുത്ത ഡോക്ടർമാർക്ക് നിലവിൽ പി ജി അലവൻസ് നിലവിലില്ല. ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ